# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3600** **30/01/2014-ൽ മറുപടിയ്ക്ക്**

**കോഴിക്കോട് പുതിയാപ്പയിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ഭവന നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ. കെ. ശശീന്ദ്രൻ:** | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| (എ) മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ഭവന നിർമ്മാണത്തിന് എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) ഫിഷറീസ് വകുപ്പിൽ കോഴിക്കോട് ജില്ലയിൽ മാറാട് മാതൃകാ മത്സ്യബന്ധന ഗ്രാമം പദ്ധതി 2012-13 പ്രകാരം 2,50,000/- രൂപയും, മാതൃകാ മത്സ്യബന്ധന ഗ്രാമം പദ്ധതി രണ്ടാം ഘട്ടം, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി എന്നിവ പ്രകാരം 2,00,000/- രൂപയുമാണ് ധനസഹായമായി അനുവദിക്കുന്നത്. |
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി എത്ര വീട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) ഈ സർക്കാർ അധികാരമേറ്റശേഷം കോഴിക്കോട് ജില്ലയിൽ വിവിധ പദ്ധതികളിലായി സൗജന്യമായി മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ച വീടുകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം | പദ്ധതിയുടെ പേര് | വർഷം | അനുവദിച്ച വീട് |
|---|---|---|---|
| 1 | മാറാട് മാതൃകാ മത്സ്യബന്ധന ഗ്രാമം പദ്ധതി | 2012-13 | 70 |
| 2 | മാതൃകാ മത്സ്യബന്ധന ഗ്രാമം പദ്ധതി (രണ്ടാംഘട്ടം) | 2012-13 | 220 |
| 3 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി | 2012-13 | 100 |
| 4 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി | 2013-14 | 100 |
| ആകെ | | | 490 |

| | | | |
|---|---|---|---|
| (സി) | കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹാർബറിന്റെ പരിധിയിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി വീട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹാർബറിന്റെ പരിധിയിൽ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ ആകെ 44 മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | സൗജന്യ ഭവന നിർമ്മാണത്തിന് പുതിയാപ്പയിൽ എത്ര അപേക്ഷകർ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ; | (ഡി) | 2013-14 ൽ പുതിയാപ്പയിൽ സൗജന്യഭവന നിർമ്മാണത്തിന് ധനസഹായം അനുവദിയ്ക്കുന്നതിനായി ആകെ 95 അപേക്ഷകരാണ് ഉണ്ടായിരുന്നത്. അർഹരായി തെരഞ്ഞെടുത്ത 79 അപേക്ഷകരിൽ നിന്ന് 11 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിയ്ക്കുന്നതിന് ജില്ലാതല ബെനിഫിഷ്യറി കമ്മിറ്റി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ഇ) | ഇവർക്ക് സൗജന്യഭവനം നൽകാനുള്ള നടപടി എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ? | (ഇ) | തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. |

സെക്ഷൻ ആഫീസർ